# ‘ധീരമായ വിശ്വാസം’

## മർക്കോസ് 15:42

**“വൈകുന്നേരമായപ്പോൾ ശബ്ബത്തിന്റെ തലനാളായ ഒരുക്കനാൾ ആകകൊണ്ടു ശ്രേഷ്ഠമന്ത്രിയും ദൈവരാജ്യത്തെ കാത്തിരുന്നവനുമായ അരിമത്ഥ്യയിലെ യോസേഫ് വന്നു ധൈര്യത്തോടെ പീലാത്തോസിന്റെ അടുക്കൽ ചെന്നു യേശുവിന്റെ ശരീരം ചോദിച്ചു.”**

യേശുകർത്താവിന്റെ കൂടെ ഉണ്ടായിരുന്ന പ്രിയ ശിഷ്യന്മാർ ഉൾപ്പെടെ സകലരും തന്നെ വിട്ടുപോയി, തള്ളിപ്പറഞ്ഞു. അവന്റെ ക്രൂശു മരണത്തിലും, പീഡാനുഭവത്തിലും കൂടെ നിൽക്കാൻ ആർക്കും ധൈര്യം ഉണ്ടായിരുന്നില്ല. എന്നാൽ ഇവിടെ നാം വായിച്ച ശ്രേഷ്ഠമന്ത്രിയും, ദൈവരാജ്യത്തെ കാത്തിരുന്നവനുമായ അരിമത്ഥ്യയിലെ യോസേഫ് ധൈര്യത്തോടെ മുന്നോട്ടുവന്നു. കർത്താവിന്റെ ശരീരം ചോദിക്കുന്നു, ഏറ്റുവാങ്ങുന്നു. അരിമത്ഥ്യയിലെ യോസേഫിനെപ്പറ്റി മറ്റു സുവിശേഷങ്ങളിൽ നിന്നും നമുക്ക് കിട്ടുന്ന വിവരണം വളരെ ചുരുക്കമാകുന്നുവല്ലോ. വചനം ഇത്രമാത്രം പറയുന്നു. അവൻ നീതിമാനും, നല്ലവനും, ധനവാനും ആയിരുന്നു. കൂടാതെ യോഹന്നാന്റെ സുവിശേഷത്തിൽ **(John 19:38)** നാം വായിക്കുന്നു. **“യെഹൂദന്മാരെ പേടിച്ചിട്ടു രഹസ്യത്തിൽ യേശുവിന്റെ ശിഷ്യനായ അരിമത്ഥ്യയിലെ യോസേഫ് യേശുവിന്റെ ശരീരം എടുത്തു കൊണ്ടുപോകുവാൻ പീലാത്തൊസിനോടു അനുവാദം ചോദിച്ചു”.**

പ്രിയ ദൈവമക്കളെ യോസേഫ് ഇവിടെ വലിയൊരു സാക്ഷ്യം നമ്മുടെ മുമ്പിൽ തരുന്നു. എല്ലാക്കാലത്തുമുള്ള വിശ്വാസിയുടെ മുമ്പിൽ ഒരു ധീരമായ വിശ്വാസം ഇവിടെ വെളിപ്പെടുത്തുന്നു. മറ്റു ശിഷ്യന്മാർ എല്ലാംതന്നെ അന്നത്തെ സമൂഹത്തെയും അധികാരത്തെയും ഒക്കെ ഭയന്ന് അധൈര്യരായി മാറിപ്പോയി. എന്നാൽ പിലാത്തോസ് എന്ന അധികാരത്തിന്റെ മുമ്പിലേക്ക് യോസേഫിനെ നയിച്ച ധൈര്യം എത്രയധികമാകുന്നു. പ്രതികൂലങ്ങളുടെയും, സമ്മർദ്ദങ്ങളുടെയും, അപകടങ്ങളുടെയും നടുവിൽ വിശ്വാസത്തിൽ ക്ഷീണം വരാറുള്ള ഒരനുഭവമാണല്ലോ. പ്രതികൂലങ്ങളിൽ മാത്രമല്ല, അറിഞ്ഞ കർത്താവിനെ അനുകൂലമായ ജീവിതത്തിന്റെ നടുവിൽപ്പോലും വെളിപ്പെടുത്തുവാൻ നമുക്ക് പൂർണ്ണമായും സാധിക്കുന്നുണ്ടോ?

ഇന്ന് ദൈവവചനത്തിന്റെയും, കൂട്ടായ്മ അനുഭവത്തിന്റെയും സഭാ ജീവിതത്തിന്റെ ഒക്കെ സുലഭമായ സാഹചര്യങ്ങളുടെ നടുവിൽനിന്ന് നമ്മെത്തന്നെ ഒന്ന് ശോധന ചെയ്യാം.

നമുക്കറിയാം. പരസ്യ ശിഷ്യൻമാരും പരസ്യമായ വിശ്വാസ ജീവിതത്തിന്റെ പ്രകടനങ്ങളും എങ്ങോട്ടു തിരിഞ്ഞാലും കാണാം. എന്നാൽ യോസേഫിനെപ്പറ്റി പറയുന്നതുപോലെ രഹസ്യമായ ഒരു ശിഷ്യനും, നമ്മുടെ വ്യക്തിഗത ജീവിതത്തിന്റെ ഉള്ളറകളിലേക്ക് കർത്താവിനെ ഉള്ളതുപോലെ ഏറ്റെടുത്താൽ മാത്രമേ, ധീരമായ ഒരു വിശ്വാസത്തിൽ നില നിൽക്കാൻ സാധിക്കൂ എന്ന് ഈ വചനത്തിലൂടെ നമ്മെ കാണിക്കുന്നു. “ദൈവരാജ്യത്തിനായി കാത്തിരുന്നവൻ” എത്ര മഹത്തായ സാക്ഷ്യമാണ് നമുക്ക് ലഭിക്കുന്നത്.

സമൂഹത്തിനു മുമ്പിൽ കർത്താവിന്റെ കൂടെ നടന്നവനോ, ഉപദേശം ലഭിച്ചവനോ, അത്ഭുതങ്ങളും അടയാളങ്ങളും ഒന്നും കണ്ടവനോ ആയിരുന്നില്ല യോസേഫ്. എന്നാൽ നിത്യമായ പ്രത്യാശ, ദൈവത്തിനുവേണ്ടിയുള്ള ഒരു കാത്തിരുപ്പ് അവന്റെ ജീവിതത്തിൽ ഉണ്ടായിരുന്നു. അതായിരുന്നു ധീരതയോടെ, ശക്തിയോടെ മുമ്പോട്ടുവന്ന തന്റെ കർത്താവിനെ ഏറ്റുവാങ്ങാൻ അവനെ നയിച്ചത്. കാലം അതിന്റെ അവസാനത്തിലേക്ക് ദ്രുതഗതിയിൽ ഓടുമ്പോൾ യോസേഫിന്റെ ധീരമായ വിശ്വാസം, ധൈര്യം നമുക്ക് മാതൃകയാക്കാം. എന്തുവിലകൊടുത്തും കർത്താവിനെ സാക്ഷീകരിക്കാൻ, കൂടെ നിൽക്കാൻ നമുക്ക് ഇടയാകണമേ എന്ന് പ്രാർത്ഥിക്കാം.

പരാമർശം :

1 കൊരിന്ത്യർ 16:13

ഉണർന്നിരിപ്പിൻ; വിശ്വാസത്തിൽ നിലനില്പിൻ; പുരുഷത്വം കാണിപ്പിൻ; ശക്തിപ്പെടുവിൻ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 117